മുദാക്കൽ പഞ്ചായത്തിലെ ബാലവാടികൾ

349 [452] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിൽ എത്ര ബാലവാടികൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) അവിടെ എത്ര ക്രെഷുകൾ ഉണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) അവിടെ എത്ര ഫീഡിംഗ് സെൻററുകളുണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) അവിടെ എത്ര വയോജന വിദ്യാഭ്യാസകേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) അവിടെ ഇനിയും ഈ വർഷം ബാലവാടികളോ ഫീഡിംഗ് സെൻററുകളോ ക്രെഷുകളോ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളോ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ വിശദവിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുദാക്കൽ പഞ്ചായത്തിൽ ഏഴ് ബാലവാടികൾ : അയിലം, നാവനവഞ്ചേരി, ചെമ്പുര്, പൂവണത്തുംമൂട്, ഊരുപൊയ്ക, പരത്തൂർ, താഴെ ഇളമ്പ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. (മേൽപ്പറഞ്ഞ ബാലവാടികൾ ഇപ്പോൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഐ. സി. ഡി. എസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ ക്രെഷുകളില്ല.

(സി) മേൽപ്പറഞ്ഞ ബാലവാടികളുമായി ബന്ധപ്പെട്ട ഏഴ് ഫീഡിംഗ് സെൻററുകൾ മാത്രം.

(ഡി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

പുതിയ ആർ. എൽ. ഇ. ജി. പി. വർക്കുകൾ

350 [453] ശ്രീ. കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലേക്കുള്ള പുതിയ ആർ. എൽ. ഇ. ജി. പി. വർക്കുകൾക്ക് കേന്ദ്ര ഗവൺമെൻറിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം—II.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (453) കാണുക.

ജില്ല	റോഡുകളുടെ മതിപ്പ് ചെലവ് (ലക്ഷത്തിൽ) രൂ.	റോഡുകളം	വീടുകളുടെ മതിപ്പ് ചെലവ് (ലക്ഷത്തിൽ) രൂ.	വീടുകളം
(1)	(2)	(3)	(4)	(5)
കാസർഗോഡ്	70.900	15	39.960	370
കണ്ണൂർ	130.180	36	39.636	367
വയനാട്	56.150	10	59.400	550
കോഴിക്കോട്	39.800	16	69.336	642
മലപ്പുറം	98.250	31	89.748	831
പാലക്കാട്	178.870	36	135.864	1258
തൃശ്ശൂർ	140.260	36	126.900	1175
എറണാകുളം	114.290	29	86.940	805
ഇടുക്കി	55.260	13	55.296	512
കോട്ടയം	31.500	35	59.724	553
പത്തനംതിട്ട	44.500	12	71.064	658
ആലപ്പുഴ	29.980	14	79.272	734
കൊല്ലം	60.000	16	123.984	1148
തിരുവനന്തപുരം	92.093	24	126.360	1170
ആകെ	1192.033	323	1163.484	10773